# ശുഭം

## LITTLE KITE MAGAZINE

## 2021-24



# LITTLE KITE BATCH 2021-2024



# EDITORIAL BOARD



MONICCA JESNA LUVERA



POOJA PRAVEESH



ASHWIN SHIBU

സ്കൂളുകളിലെ ഐ ടി
കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്
പ്രസിദ്ധീകരിക്കുന്ന
മാഗസിനുകൾ വേറിട്ട ഒരനുഭവം
തന്നെയാണ്. കുട്ടികളുടെ
സംഭാവനകൾ വളരെ ചെലവ്
കുറഞ്ഞ രീതിയിൽ അവർ
തന്നെ പ്രസിദ്ധീകരിക്കാൻ
സഹായിക്കുന്നു എന്നുള്ളത്
വലിയ നേട്ടം തന്നെയാണ്.
കുട്ടികളുടെ ഈ പദ്ധതിക്ക്
എല്ലാ ഭാവുകങ്ങളും നേരുന്നു



**എന്ന് ഹെഡ്മിസ്ട്രസ്**

**കൊച്ചുത്രേസ്യ ടി ജെ**

# Table of Contents

പുഷ്പം....6
Alna Alice 8B....6
നിലാവ്....7
Aiswarya - 8 B....7
കലോത്സവം....8
എദ്ന റോസ് 8B....8
അനുഭവക്കുറിപ്പ്....9
Jeny mary 8B....10
നിലാമഴ....11
Aleesha George....11
9B....11
രാത്രി....12
....12
Pooja praveesh 9 B....12
അത്യാഗ്രഹം ആപത്ത്....13
ഹെയ് സൽ മരിയ 9 B....13
_ദുനിയാവിൽ മാലാഖ അമ്മ_....14
Agna Jiffy 8B....14
ആ മഴയത്ത് ....17
Anna Aaniya 8 B....17
മഴയുള്ള രാത്രി....19
ALEESHA E S 9 B....19
....20
മറക്കാനാകാത്ത ഓർമ്മകൾ....34
സെറിൻ മരിയ ഇ ജെ 9B....35
അവൾ....38
സമന്യ മരിയ 9B....38
സ്വാതന്ത്ര്യം....39
Serene Maria E J 9B....39

## പുഷ്പം

ഉമ്മ വെച്ചിടുന്ന ഞാനാക്കുഞ്ഞിതളിൽ
തൊട്ടുനോക്കുന്ന മൃദുലമായി
പുഞ്ചിരി വിടരുന്ന നിൻ ചുണ്ടിൽ  മൃദുലമായി
വിടരുനിൻ മുഖം എൻ മനസ്സിലണ്ട്
രാത്രി ഞാൻ തനിച്ചല്ല
എന്നും നീ ഉണ്ട് എൻക്കൂടെ വണ്ടുന്ന കാര്യം
നിൻ   തേൻമുഖം എൻ മനതാരിലെന്നുമുണ്ട്

**Alna Alice   8B**



# നിലാവ്

ഇരുൾ മറഞ്ഞിരിപ്പൂ  രാവ്
നിൻ ചെറുവെട്ടമേക്കുമി രാവ്
പലരും സ്നേഹത്തിനായി നിന്നെ ഓർക്കുന്നു
നിന്നെ കാണുന്ന ഓരോ നിമിഷവും
എൻ പ്രിയനെ ഞാനോർക്കുന്നു
ചുറ്റിനും പുഷ്പങ്ങൾ പോലെ
നക്ഷത്രങ്ങൾ നിൻ അരികിൽ
അതിൽ ഒരു നക്ഷത്രമാകാൻ
ഏഴ് ജന്മമായി ആഗ്രഹിച്ചിടുന്നു
നിൻ അരികിൽ എത്തിടാൻ
പലരുടെയും പലനിമിഷങ്ങളിലും നീ നിൽക്കുന്നു
എത്ര ദൂരത്താണ് നീ നിൽക്കുന്നത്
പക്ഷെ എത്ര അരികിലുമാണ്
നീ കത്തി ജ്യാലിക്കുന്ന സൂര്യനേക്കാൾ
രാത്രിയിൽ പുഞ്ചിരി തൂകി നിൽക്കുന്ന
നിന്റെ ഓമന മുഖത്തെയാണ്
തനിച്ചിരിക്കുന്ന ചില രാവിൽ
ഞാൻ ഒറ്റ പെടുമ്പോൾ നിന്റെ
മുഖത്തേക്ക് ഞാൻ നോക്കും .
നീ മന്ത്രിക്കുന്നു ഞാനുണ്ടുകൂടെ

**Aiswarya  -  8  B**



# കലോത്സവം

അന്ന് വെള്ളിയാഴ്ച്ചയായിരുന്നു , എന്നത്തേയും പോലെ ഞാൻ സ്കൂളിൽ പോയി ഹിന്ദി പിരിഡിൽ വെറുതെയിരിക്കുമ്പോൾ ക്ലാസ് ടീച്ചർ വന്ന് കലോത്സവത്തിന്റെ കാര്യം പറഞ്ഞു ഞങ്ങളെല്ലാം സന്തോഷഭരിതരായി ടീച്ചർ പോയപ്പോൾ കലോത്സവത്തിലെ എന്തെല്ലാം പരിപാടികൾ നടക്കുന്നുണ്ടെന്നും എന്തിനെല്ലാം പങ്കെടുക്കുന്നുണ്ടെന്നും ചർച്ചച്ചെയ്യുകയായിരുന്നു. ശീല പറഞ്ഞു 'ഞാൻ പാട്ടുപാടും' അപ്പോൾ കബനി പറഞ്ഞു "ഞാൻ ഡാൻസുകളിക്കും" . ആ സമയം അവിടന്നും ഇവിടന്നും ശബ്ദം ഉയർന്നു കൊണ്ടിരുന്നു . ഞാൻ അതുചെയ്യും ഞാൻ ഇതുചെയ്യും എന്നൊക്കെ . അപ്പോൾ നമ്മുടെ ഗൗരി പറഞ്ഞു " നമുക്ക് ഒരു സംഘനൃത്തം പഠിച്ചാലോ " എല്ലാവർക്കും അവളുടെ അഭിപ്രായം വളരെ ഇഷ്ടമായി . ഞങ്ങളങ്ങനെ അതു പഠിക്കാൻ തുടങ്ങി. ഞങ്ങളുടെ മലയാളം പഠിപ്പിക്കുന്ന അധ്യാപികയായിരുന്നു കലോത്സവത്തിന്റെ കാര്യങ്ങളെല്ലാം ഏറ്റിരുന്നത് . ടീച്ചർ എനിക്കൊരു കവിത എഴുതിത്തന്നു . എന്നോട് അത് പഠിക്കാൻ പറഞ്ഞു . ഞാൻ വീട്ടിൽ പോയി കവിത പഠിച്ചു . ദിവസങ്ങൾക്ക് ശേഷം ആ സുദിനം വന്നെത്തി . അതെ കലോത്സവം ആരംഭിച്ചു. പലപരിപാടികളുമുണ്ടായിരുന്നു . എന്തുരസമായിരുന്നെന്നോ . ഞങ്ങളുടെ സംഘ നൃത്തം വേദിയിൽ അരങ്ങേറി അതിന് ഞങ്ങൾക്ക് ഒന്നാം സ്ഥാനം ലഭിച്ചില്ലെങ്കിലും രണ്ടാം സ്ഥാനം കിട്ടി . കവിതയ്ക്ക് ഒന്നാം സമ്മാനം ലഭിച്ചു. വളരെയധികം സന്തോഷവതിയായി ഞാൻ മടങ്ങി

**എദ്ന റോസ്     8B**



# അനുഭവക്കുറിപ്പ്

ഞാനെൻെറ പണ്ടത്തെ ഒരു അനുഭവത്തെക്കുറിച്ചാണ്പറയുന്നത് . ഞാൻ എൽകെജി യുകെജി പഠിക്കുമ്പോഴാണ് ഈ സംഭവം നടക്കുന്നത് . എൽകെജി പഠിക്കുമ്പോൾ എനിക്കൊരു കൂട്ടുകാരി ഉണ്ടായിരുന്നു -റിതിക . അവൾ എൻറെ ബെസ്റ്റ് ഫ്രണ്ട് ആയിരുന്നു ഒരു ദിവസം ഇന്റർവെൽ സമയത്ത് ഞാനും റിതികയും പുറത്ത് കറങ്ങി. അവിടെവെച്ച് വാക്ക തർക്കം ഉണ്ടായി കാര്യം ഇതാണ് അവൾ എനിക്ക് മിട്ടായി തരാം എന്ന് പറഞ്ഞു. ഞാനത് അവളുടെ അടുത്ത് ചോദിച്ചു . അവൾ പറഞ്ഞു , അത് വെറുതെ പറഞ്ഞതാണെന്ന്. ഞങ്ങൾ കുട്ടികളല്ലേ? എനിക്ക് ദേഷ്യം കയറി. എൻറെ കുഞ്ഞിലത്തെ സ്വഭാവം എന്തെങ്കിലും വേണമെന്ന് ചോദിച്ചു കഴിഞ്ഞാൽ എനിക്ക് അത് കിട്ടിയിരിക്കണം. അതേപോലെ ഞാൻ അവളുടെ അടുത്ത് ദേഷ്യം കാണിച്ചു . പറഞ്ഞ് പറഞ്ഞ് ഞാൻ അവളെ മതിലിന്റെ അരികത്തേക്ക് കൊണ്ടുവന്നു. ദേഷ്യം തീരാത്തത് കൊണ്ട് ഞാൻ അവളുടെ കഴുത്തിൽ കയറി പിടിച്ചിട്ട് മതിലിൽ അവളുടെ തലകൊണ്ട് ഇടിച്ചു . കുറച്ചുനേരം കഴിഞ്ഞപ്പോൾ അവളുടെ തലയിൽ നിന്ന് എന്തോ ഒരു സാധനം ഒഴുകി വന്നു !!ഞാൻ അപ്പോൾ തന്നെ സിസ്റ്ററിനെ വിളിച്ചു . സിസ്റ്ററ് ഓടി വന്ന് അവിടെ വീണ് ചോരയെല്ലാം തുടച്ചു.. അപ്പോഴാണ് എനിക്ക് മനസ്സിലായത് കാര്യം കുറച്ച ഗൗരവമാണെന്ന് . പിന്നെ അവളുടെ

അച്ഛനും അമ്മയും വന്ന് അവളെ ആശുപത്രിയിലേക്ക് കൊണ്ടുപോയി . ഈ സംഭവം കഴിഞ്ഞ് രണ്ട് ദിവസം കഴിഞ്ഞപ്പോഴേക്ക് എൻറെ തല ഊഞ്ഞാലിൽ ഇടിച്ചു . അത് ഇതിനെക്കാളും വലിയ സംഭവമായി. കോൺവെൻറ് മുഴുവൻ ചോര കൊണ്ട് നിറഞ്ഞു. എനിക്ക് നന്നായി വേദനിച്ചു ഞാൻ ഉറക്കെ കരഞ്ഞു . അച്ഛനും അമ്മയും വന്ന് ഹോസ്പിറ്റലിൽ കൊണ്ടുപ്പോയി സ്റ്റിച്ച് ഇട്ടു . ഹോസ്പിറ്റലിൽ കിടന്ന ഞാൻ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയെ ഓർത്തു . ഞാൻ കാരണം അവൾ വല്ലാതെ വേദനിച്ചു കാണും . അറിയാതെ എന്റെ ദേഷ്യം കൊണ്ട് ഞാൻ ചെയ്ത അപരാധത്തിനു അവിടെ കിടന്നു മാപ്പു ചോദിച്ചു . സ്റ്റിച്ച് എടുത്ത ശേഷം ഞാൻ സ്കൂളിൽ ചെന്നപ്പോൾ അവൾ ഓടി വന്നു . എന്റെ മുറിവിൽ തൊട്ടു . എനിക്ക് കരച്ചിൽ വന്നു . "സാരമില്ല വേഗം മാറൂട്ടോ" അവൾ ആശ്വസിപ്പിച്ചു .

**Jeny mary 8B**



# നിലാമഴ

ഒരു ദിവസം സന്ധ്യാനേരം  സൂര്യൻ കടലിൽ മുടങ്ങുന്നത്  കുട്ടി നോക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞ് ചന്ദ്രൻെറ ആ നിലാവ് ആ കുട്ടിയെയും ആ നാടിനെയും സന്തോഷിപ്പിച്ചു . കാരണം, സൂര്യന്റെ ചൂടിൽനിന്ന് രക്ഷപ്പെടാനുള്ള വഴിയാണ് ആ  തണുപ്പുള്ള നിലാവ് . ആ രാത്രി ആ കുട്ടി  വീടിനു പുറത്ത് നിൽക്കുമ്പോൾ മുഴുവനും ഇരുട്ടായിരുന്നു.  ആ ഇരുട്ടിൽ ആ കുട്ടി  മെല്ലെ മെല്ലെ നടന്നു.  അവിടെ ആ മിന്നാമിനുങ്ങുകൾ പിറന്നു നടക്കുന്നത് ആ കുട്ടി കണ്ടു .നിലാവ് മഴയായി പെയ്യുന്നു..... നല്ല സുഖമുള്ള കാഴ്ച.....  അവനു അതിനെ ഒന്നു പിടിക്കണം എന്ന വിചാരം വന്നു . അവൻ അവിടേക്ക് കൈനീട്ടിയപോൾ അവൻെറ കൈയിൽ ഒരു  മിന്നാമിന്നി വന്നു ഇരുന്നു.  അവനു  വളരെ സന്തോഷമായി.  ആ ദിവസം അവൻ നല്ല സ്വപ്നങ്ങൻ കണ്ട് ഉറങ്ങി .

**Aleesha George**

**9B**



# രാത്രി

രാത്രി എന്നാൽ ഭയപ്പെടുത്തുന്നതാണ് . എന്നാൽ അതിലും ഉണ്ട് ഏറെ സന്തോഷം . രാത്രിയെ ഭംഗിയാക്കുന്ന കുറേക്കാഴ്ചകൾ നമുക്ക് ചുറ്റുമുണ്ട്. . രാത്രിയിൽ ചന്ദ്രനും നക്ഷത്രങ്ങളും എത്തുന്നു ചന്ദ്രൻ നമുക്ക് ഇരുട്ടിൽ കുഞ്ഞു വെളിച്ചം കാട്ടി വഴി തെളിയിക്കുന്നു. രാത്രിയെ ഒരുപാട് ഭംഗിയാക്കുന്ന ഒന്നാണ് നക്ഷത്രങ്ങൾ. കുഞ്ഞുകുഞ്ഞു നക്ഷത്രങ്ങൾ ആകാശത്ത് തിളങ്ങിനിൽക്കുന്നു. അത് കാണാൻ അതിമനോഹരമാണ്. രാത്രിയിൽ വിരിയുന്ന വെള്ള പുഷ്പങ്ങൾ-,  മുല്ല, നിശാഗന്ധി പാല എന്നിങ്ങനെയുള്ള പുഷ്പങ്ങൾ രാത്രിയിൽ സുഗന്ധം പരത്തുകയും വെള്ളയാൽ ഇരുട്ടിനെ ഭംഗിയാക്കുകയും ചെയ്യുന്നു. വെള്ള രാത്രിയിൽ എത്തുന്ന മിന്നാമിനുങ്ങുകൾ കുഞ്ഞു വെളിച്ചം കാട്ടി കൂട്ടത്തോടെ വരുന്നത് കാണുമ്പോൾ നമ്മുടെ മനസ്സിനെ സന്തോഷം നൽകുന്നു. ഈ കാഴ്ചകൾ രാത്രിയെ ഒരുപാട് ഭംഗി കൂട്ടുന്നു.

**Pooja praveesh 9 B**



# അത്യാഗ്രഹം ആപത്ത്

പണ്ട് ഒരു ഗ്രാമത്തിൽ ഒരു മരപ്പൊത്തിൽ രണ്ട് പ്രാവുകൾ താമസിച്ചിരുന്നു. അവർ സഹോദരരായിരുന്നു. അവർ നല്ല സ്നേഹത്തിലാണ് താമസിച്ചിരുന്നത്. ഒരു ദിവസം തീറ്റ തേടാൻ പോയപ്പോൾ ഒരു പാറക്കെട്ടിനരികിൽ കുറച്ച് പയർ മണികൾ കിടക്കുന്നത് അവർ കണ്ടു . ചേച്ചിപ്രാവിന് പയർ മണി കണ്ടപ്പോൾ അനിയത്തിപ്രാവിന് കൊടുക്കാതെ കഴിക്കണം എന്നുള്ള അത്യാഗ്രഹം വന്നു . പയർ മണി വീട്ടിൽ കൊണ്ടുവന്ന് അനിയത്തിയെ കൊണ്ട് വറുത്തെടുപ്പിച്ചു.ദിവസവും ഇതിങ്ങനെ തുടർന്നു. ചേച്ചി കിളി ഒരു പയറുമണി പോലും അനിയത്തിക്ക് കൊടുക്കില്ലായിരുന്നു ഒരു ദിവസം അത്യാഗ്രഹിയായ ചേച്ചി തന്റെ അനിയത്തി തൻെറ അനിയത്തി പയർ മണി മോഷ്ടിക്കുന്നുണ്ട് എന്നു സംശയിച്ചു. എന്നിട്ട് ഒരു ദിവസം പയറു മണി അളന്ന് നോക്കിയിട്ട് അനിയത്തിയുടെ കയ്യിൽ വറുക്കാൻ കൊടുത്തു. വറുത്തു കഴിഞ്ഞപ്പോൾ മുമ്പ് അളന്നു നോക്കിയതിനെക്കാൾ പയറു മണി കുറവായിരുന്നു. തന്റെ പയർ മണി നീ മോഷ്ടിക്കുന്നു എന്ന് പറഞ്ഞ് ചേച്ചിക്ക് അനിയത്തിയെ കൊത്താൻ തുടങ്ങി . അങ്ങനെ ചെയ്തിട്ടില്ല എന്ന് പലതവണ കെഞ്ചി പറഞ്ഞെങ്കിലും ചേച്ചി പ്രാവ് അനിയത്തിയെ കൊത്തി കൊന്നു . പിന്നീട് ഒരു ദിവസം ചേച്ചി ഒറ്റയ്ക്ക് തീറ്റ തേടി പയർ മണികൾ കൊണ്ടുവന്നു വറുത്തു .അപ്പോൾ പയർ മണി മുമ്പ് ഉണ്ടായതിനെക്കാൾ കുറഞ്ഞിരിക്കുന്നു എന്ന് മനസ്സിലായി. വറുക്കുമ്പോൾ പയറുമണി കുറയുമെന്ന് അപ്പോഴാണ് അവർക്ക് മനസ്സിലായത്. അതറിയാതെ തന്റെ അനിയത്തിയെ കൊത്തിക്കൊന്നതിനെ കുറിച്ച് ഓർത്ത് അവൾ ജീവിതകാലം മുഴുവൻ അവൾ സങ്കടപ്പെട്ട് ജീവിച്ചു. ഇത് നമുക്കും ഒരു പാഠം ആകണം. 'അത്യാഗ്രഹം ആപത്താണ് ' അത് നമ്മുടെ ജീവിതത്തെ ആ നശിപ്പിക്കും.

**ഹെയ് സൽ മരിയ 9 B**



# _ദുനിയാവിൽ മാലാഖ അമ്മ_

പൂമുഖത്തിൻ  പടിവാതിക്കൽ-
എനിക്കായി നിനച്ചിരിപ്പൂ എൻ തായേ......
പെറ്റ നോവിൻ വേദനയറിഞ്ഞവളെന്നമ്മ
എന്റെ ഓരോ ഹൃദയത്തുടിപ്പിനും സാക്ഷി......
എൻ ദീർഘ ശ്വാസത്തിനും സാക്ഷി......

ഷരോണിലെ തുമ്പപ്പൂ പോലെ-
സ്നേഹത്തണലായ് എന്നെ തഴുകി ഉണർത്തി,
പല നിലാരാത്രികളിലും അവൾ മിഴി അടയ്-
ക്കാതെ എനിക്കായി ഉറക്കം ശമിപ്പിച്ചു,

നീ എൻ ദുനിയാവിൻ മാലാഖ......
നീ എൻ ചങ്കിലെ ചെങ്കടൽ......
കുടിലിൽ അണയാത്ത നിലവിളക്കായ്....
കത്തിച്ചു വെച്ച തിരി പോലെ
ജ്വലിച്ചു നിൽക്കുന്ന എന്നമ്മ......
മായാതെ അണയാതെ എന്റെ-
അന്ത്യശ്വാസം വരെയും നിനക്കായ് ഞാൻ
തണലായി ഉണ്ടാകും.
എൻ പ്രപഞ്ചത്തിൻ നിലാവെട്ടമായി-
എൻ മായാ മഴവില്ലായ്
എൻ ജീവിതപാതയിൽ ഉണ്ടാകണേ......
എൻ അങ്കണത്തിൻ അലങ്കാരമായ
എൻറെ പൊന്നമ്മയ്ക്ക് ഒരായിരം ചക്കരയുമ്മ......

**Agna Jiffy  8B**





# ENVIRONMENT DAY



# ANGANWADI FEST 2022







# ആ മഴയത്ത് .......

എന്റെ നിലം പോയതെവിടേക്കൊ  അവിടേ
ക്കിപ്പോഴെന്റെ  മഴയും പോയിരിക്കുന്നു .
വലയം ചെയ്യപ്പെടുന്ന കാർമേഘങ്ങൾ
 അതിനു വേണ്ടി വളയുന്നു
കുയിലുകൾ പാടുന്നതിനു വേണ്ടി
അതിനായി  ഉയരുകയാണ് .
ഭൂമിതൻ മാറിൽ നിന്നും മണ്ണിൻ സുഗന്ധം .
എനിക്കായി ഇപ്പോഴില്ല
കലപ്പയും  കാളകളും വയൽ വരമ്പുകളും
തത്തകളും കുളങ്ങൾ നദികളും
ആകാശമില്ലാത്തവർക്ക് നിലാവുമില്ലല്ലോ
അടുത്ത വിളവിന് എല്ലാ കടവും വീട്ടാമെന്നയെൻ പ്രതീക്ഷയും പോയി
അതിനടുത്തേക്ക് എന്റെ മഴയും പോയി

**Anna Aaniya 8 B**



# OUR 9TH STD STUDENT



# SEPTEMBER 6, 2022

# മഴയുള്ള രാത്രി

മഴ എന്നത് ഒരു വികാരമാണ്. പലതരത്തിലുള്ള മഴ നാം കണ്ടിട്ടുണ്ട്. ചില മഴ നമ്മെ ഏറെ സന്തോഷിപ്പിക്കാറുണ്ട്. ചിലത് ഏറെ വേദനിപ്പിക്കുന്നതും.മഴയെ ഇഷ്ടപ്പെടാൻ നമുക്ക് ഒരുപാട് കാരണങ്ങളുണ്ട്. നാം സന്തോഷത്തിൽ ആയിരിക്കുന്ന നിമിഷത്തിൽ മഴ വരുന്നത് നമുക്ക് ഏറെ ഉല്ലാസം പകരുന്നതാണ്. ഞാനിതുവരെ അങ്ങനെ ഒരു മഴ അനുഭവിച്ചിട്ടില്ല. എനിക്ക് മഴയെ വെറുപ്പാണ്. കാരണം ഒരു മഴയുള്ള ദിവസമായിരുന്നു എന്നെ അത്യധികം വേദനിപ്പിച്ച ഒരു സംഭവം നടന്നത്. ഒരിക്കലും മറക്കാൻ കഴിയാത്ത എന്റെ മനസ്സിനെ ഏറെ അലട്ടുന്ന ഒരു സംഭവം.

ഇടിയും മഴയും ഉള്ള ഒരു രാത്രി ,ജോലി കഴിഞ്ഞു കാറിൽ വീട്ടിലേക്ക് മടങ്ങുന്ന വഴിയായിരുന്നു എന്നെ ഞെട്ടിച്ച ആ സംഭവം . മഴയ്ക്ക് ശക്തി കൂടുന്ന നേരത്ത് കാറിന്റെ പിറകിൽ നിന്ന് ഭീകരമായ ഒരു ശബ്ദം കേൾക്കുന്നതായി എനിക്ക് തോന്നി. ഞാൻ പിറകിലേക്ക് തിരിഞ്ഞു നോക്കിയ നേരത്ത് മുൻപിൽ നിന്ന് ഒരു ശബ്ദം . രക്തം കൊണ്ട് നിറഞ്ഞിരിക്കുന്ന കാറിന്റെ ചില്ലാണ് അപ്പോൾ എനിക്ക് കാണാൻ സാധിച്ചത്. കാറിന്റെ കതക് തുറന്നു പുറത്തേക്ക് ഇറങ്ങിയപ്പോൾ ഞാൻ കണ്ട കാഴ്ച, രക്തത്തിൽ കുളിച്ച കിടക്കുന്ന ഒരു കുട്ടിയെയും തൊട്ടടുത്ത് തന്നെ തന്റെ വളർത്തുനായയെയും ആയിരുന്നു. എത്ര വിളിച്ചിട്ടും ഉണരാത്തതുകൊണ്ട് ആ കുട്ടി മരിച്ചു എന്ന സത്യം ഞാൻ മനസ്സിലാക്കി. പെട്ടെന്ന് ഞെട്ടി ഉണർന്ന് ഞാൻ ചുറ്റും നോക്കി. അപ്പോഴാണ് അതൊരു സ്വപ്നമായിരുന്നു ഞാൻ മനസ്സിലാക്കിയത്.

**ALEESHA E S 9 B**




Kerala Sasthrolsavam Winners
ERNAKULAM SUB DISTRICT
2022-2023
Work Experience - L P section
HEYDON JOE VARGHESE
III place
A grade
Coconut Shell Products
FABIO ANTONY
C grade
Modelling with clay
ISHIA SONY
C grade
Product using waste materials
Congratulations
EMILIYA MARIYA
C grade
Paper Craft
NIVEDITHA C S
B grade
Coir Door Mats


Kerala Sasthrolsavam Winners
ERNAKULAM SUB DISTRICT
2022-2023
Work Experience - U P section
MARSHAL K V
III place
A grade
Modelling with clay
ANDRIYA MAGTHALENA LOPEZ
B grade
Book Binding
ABDIEL ANTONY
B grade
Sheet Metal Work
Congratulations
ANGEL THERESA ROBINS
C grade
Products Using Waste Materials
NIHA ANIL
A grade
Paper Craft


JOSEPH KALVIN
C grade
Volleyball/ Badminton net making
ABNER LIBIN
III Place
B grade
Coconut Shell Products
PARTHASARATHI K S
C grade
Bamboo Products
SERA JOBY
III Place
C grade
Coir Door Mats
Congratulations
AJMAL ABOOBACKER
II Place
A grade
Umbrella Making


Kerala Sasthrolsavam Winners
2022-2023
ERNAKULAM SUB DISTRICT
Work Experience - H S section
2
UNNIMAYA V D
II place
A grade
Products Using Waste Materials
ISABEL MARIYA
C grade
Umbrella Making
MARIYA ROYSON
B grade
Volleyball/ Badminton net making
Congratulations
ALEESHA E S
C grade
Fabric Printing Using Vegetables
3
ANNA THOMAS
III Place
B grade
Coir Door Mats


ALEESHA GEORGE
B grade
Embroidery
NIPHIN BAIJU J
B grade
Modelling with clay
LIDIYA MARY K S
B grade
Fabric Painting

# CHILDRENS DAY 2022









# ANTIDRUG CAMPAIGN






2022-2023
ERNAKULAM SUB DISTRICT
Mathematics Fair - U P section
NANDANA BINU
B grade
GEOMETRICAL CHART
JEWEL REGEENA
A grade
NUMBER CHART
ANN MARY
A grade
PUZZLE
Mathematics Fair - H S section
VINAYAK P B
I place
A grade
GEOMETRICAL CHART
ELEENA CELINE N R
B grade
PUZZLE
THEJUS ANTONY
B grade
NUMBER CHART

# JUNIOR FOOTBALL TEAM SUB DISTRICT 2ND PRIZE












**SPORTS**

**2022**



# മറക്കാനാകാത്ത ഓർമ്മകൾ

ഈ അനാഥാലയത്തിൽ അനാഥത്വം അനുഭവിക്കുന്നത് അശ്വതി മാത്രമല്ല, എന്നാലും അവളുടെ കൺമുന്നിൽ വച്ച് ആറു വയസ്സു മാത്രം പ്രായമുള്ള അവളെ വലിച്ചെറിഞ്ഞ് മറ്റൊരാളുടെ കൂടെ ഇറങ്ങിപ്പോയ ഒരു അമ്മയുടെ മകൾ അവൾ മാത്രമായിരിക്കും. മറ്റുള്ള കുട്ടികൾ അച്ഛൻ ആരാണെന്നോ അമ്മ ആരാണെന്നോ അറിയാതെ വളർന്നവരാണ്. അവർക്ക് ജന്മം തന്ന അച്ഛനെയും അമ്മയെയും ഒരു നോക്കു കാണുവാനും അവരുടെ ഒപ്പം കഴിയുവാനും ആഗ്രഹമുള്ളവരാണ്. പക്ഷേ അശ്വതി അങ്ങനെയല്ല, ആ കുഞ്ഞു പ്രായത്തിൽ നടന്ന ആ സംഭവം അവൾക്ക് മറക്കാനാവാത്തതാണ് . അവൾ തന്റെ സാറാമ്മ സിസ്റ്ററിനോട് എല്ലാം തുറന്നു പറയാറുള്ളതാണ്. അത് സങ്കടമായാലും സന്തോഷമായാലും . സിസ്റ്റർ അവളുടെ ദുഃഖം കണ്ട് സമാധാനിപ്പിക്കുന്നത് പതിവുള്ള കാര്യമാണ്. സിസ്റ്റർ ഇവിടം സ്വർഗ്ഗമാക്കി മാറ്റും എന്നും, എല്ലാവരെയും സന്തോഷിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യുമെന്നും, അവളുടെ പ്രിയ കൂട്ടുകാരിയായ മരിയയോട് എന്നും പറയും. എനിക്കറിയാം നിനക്ക് അച്ഛനെയും അമ്മയെയും കാണാൻ ആഗ്രഹമുണ്ടെന്ന് . എന്റെ മനസ്സിനെ എന്നും വിഷമിപ്പിക്കുന്ന ആ സംഭവങ്ങൾ എനിക്ക് മറക്കാനാവുന്നില്ലല്ലോ. "എന്റെ മരിയേ നിങ്ങളെപ്പോലെ ഞാൻ മാതാപിതാക്കളെ കാണാനല്ല ആഗ്രഹിക്കുന്നത് എന്റെ മനസ്സിൽ ദുസ്വപ്നമായി കിടക്കുന്ന അനുഭവങ്ങൾ മറക്കാനാണ് ആഗ്രഹിക്കുന്നത്" . അവൾ മരിയയോട് പറഞ്ഞു. അനാഥാലയത്തിന്റെ വാതിൽക്കൽ വന്നിരുന്ന അവൾ തന്നെ പഴയകാലത്തേക്ക് പോയി. എത്ര സന്തോഷ പൂർണ്ണമായിരുന്നു അശ്വതിയുടെ കുടുംബം . പക്ഷേ ഓരോ ദിവസവും അവളുടെ അമ്മയിൽ കണ്ടുവന്നിരുന്ന മാറ്റം അവിടെ ആരും ശ്രദ്ധിച്ചിരുന്നില്ല .അവളുടെ അച്ഛൻ ഓട്ടോറിക്ഷ ഓടിക്കുന്ന ആളായിരുന്നു. ഒരു ദിവസം അച്ഛനവളെ സ്കൂളിൽനിന്ന് വിളിച്ച് വീട്ടിൽ കൊണ്ടുവന്നപ്പോൾ മുറ്റത്തൊരു വണ്ടി. അവർ അതിഥിയായിരിക്കുമെന്ന് വിചാരിച്ച് വീട്ടിനകത്തേക്ക് കയറി. അവളുടെ അമ്മ മറ്റാരുടെയോ ഒപ്പം പോകാനായി നിൽക്കുകയായിരുന്നു. അശ്വതി അമ്മയെ ചെന്ന്

കെട്ടിപ്പിടിച്ചപ്പോൾ അമ്മ അവളെ അച്ഛന്റെ  കയ്യിൽ ഏൽപ്പിച്ച് ഇറങ്ങിപ്പോയി. അച്ഛന്റെ  കണ്ണുകൾ കണ്ണുനീർ കൊണ്ട് നിറഞ്ഞിരുന്നു. അടക്കിപ്പിടിച്ച കണ്ണുനീർ പൊട്ടി ഒഴുകാൻ തുടങ്ങിയപ്പോൾ അശ്വതി എന്ന ആ പിഞ്ചുമാലാഖ അച്ഛന്റെ കണ്ണുനീർ തുടച്ചു പറഞ്ഞു "സാരമില്ലാട്ടോ അമ്മ ഇപ്പോൾ വരും. അച്ഛന് ഞാനില്ലേ " അച്ഛൻ അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു. പിന്നെ എട്ടുവയസ്സുവരെ അവളെ സങ്കടങ്ങൾ ഒന്നുമറിയിക്കാതെ വളർത്തിയത് അച്ഛനാണ്. ഒരു ദിവസം ആ അച്ഛനും ഒരു അപകടത്തിലൂടെ അവളെ വിട്ടു പോയി .അത് അശ്വതിയെ അനാഥത്വത്തിലേക്ക് നയിച്ചു .ഇരുട്ടിലേക്ക് തള്ളിയിട്ടു.

അശ്വതി ഓർമ്മകളിൽ നിന്നുണർന്നു. അവിടെയുണ്ടായിരുന്ന മരച്ചില്ലയിലെ കിളിക്കൂട്ടിലേക്ക് അവൾ നോക്കി. ആ സന്തോഷകുടുംബം അവൾക്ക് ആശ്വാസമേകി. അപ്പോഴേക്കും സിസ്റ്റർ അവളെ അകത്തേക്ക് വിളിച്ചുകൊണ്ട് പോകാൻ എത്തി. അവൾ കണ്ണുകൾ തുടച്ച് അകത്തേക്ക് കയറിപ്പോയി

**സെറിൻ മരിയ ഇ ജെ 9B**











FLASH MOB - ANTI DRUG CAMPAIGN

# CHRISTMAS 2022









# അവൾ

ഓരോ നിലാരാത്രിയും എനിക്കായ് അവൾ കാത്തിരിക്കും

ഞാൻ ഉണ്ണാതെ അവൾ ഉണ്ണാറില്ല....

ഞാൻ ഉറങ്ങാതെ അവൾ ഉറങ്ങാറില്ല....

അവളുണ്ടായിരുന്നപ്പോൾ വേദനയെന്തെന്ന്

ഞാനറിഞ്ഞിരുന്നില്ല....

അവൾ എനിക്കായി ഒരു തണൽമരം

പോലെ പടർന്നു നിന്നു....

എൻ ഓരോ ശ്വാസത്തിലും അവളായിരുന്നു....

എൻ ഓരോ നിനവിലും അവളായിരുന്നു....

ചിലർക്ക് അവളൊരു ചിത്രമാണ്....

ചിലർക്ക് അവളൊരു ഹാസ്യമാണ്....

ചിലർക്ക് അവളൊരു ദേവതയാണ്....

എന്നാൽ എനിക്കവൾ എന്നമ്മയാണ്....

എൻ കൂട്ടുകാരിയാണ്.... എൻ താങ്ങാണ്, തണലാണ്....

എന്നെ നൊന്ത് പ്രസവിച്ച-

എൻ അമ്മയാണവൾ....

എൻ അമ്മ....

**സമന്യ മരിയ 9B**



# സ്വാതന്ത്ര്യം

തിന്മയുടെ കെട്ടുപൊട്ടിച്ച
പറന്നുയർന്നതാണാ പക്ഷി
അതിരുകളില്ലാ സ്വാതന്ത്ര്യത്തിൽ
പറന്നുയർന്നതാണാ  പക്ഷി

നീലാകാശത്തിലും
പച്ച താഴ് വരയിലൂടെയും
കത്തിജ്വലിക്കും പകലിലൂടെയും
മഞ്ഞു പൊഴിക്കുന്ന രാത്രിയിലൂടെയും
താഴ് വാരങ്ങളിലൂടെയും അരുവികളിലൂടെയും
യാതനകൾ സഹിച്ച് പറന്നുയർന്നതാണാ പക്ഷി

തിന്മയുടെ അതിരുകൾ പൊട്ടിച്ച് ചിറകു വിടർത്തി
പറക്കാനെന്തിനു പേടിക്കുന്നു
നാമത് ചെയ്യേണ്ടതല്ലേ
തിന്മയുടെ കെട്ടുപൊട്ടിച്ച് പറന്നുയരുക
തന്നെ ചെയ്യുക നാം
അതിരുകളില്ലാ സ്വാതന്ത്ര്യത്തിൽ പറന്നുയരുക നാം ......

**Serene Maria E J 9B**